**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202** **21-06-2024-ൽ മറുപടിയ്ക്ക്**

**<u>ആലപ്പുഴ മെഡിക്കൽ കോളേജിലെ ചികിത്സാ പിഴവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എച്ച്. സലാം

ശ്രീ. എച്ച്. സലാം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ചികിത്സാ പിഴവുമൂലം മൂന്ന് മരണങ്ങൾ സംഭവിച്ചു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മരണപ്പെട്ട ഉമൈബ, സൗമ്യയുടെ നവജാത ശിശുവിന്റെ മരണം എന്നീ സംഭവങ്ങളിൽ ബന്ധുക്കളിൽ നിന്നും പരാതി ലഭ്യമായിട്ടില്ല. ഉമൈബ മരണപ്പെട്ട വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ശ്രീമതി സൗമ്യയുടെ നവജാത ശിശുവിന്റെ മരണത്തിൽ ചികിത്സ പിഴവ് ഇല്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിശദമായ അന്വേഷണത്തിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല.

ഷിബിനയുടെ മരണത്തിൽ ചികിത്സപ്പിഴവ് ഉണ്ടായതായി ആരോപിച്ച് ഭർത്താവ് ശ്രീ. അൻസാർ <u>ബഹു</u>. കേരള മുഖ്യമന്ത്രിയ്ക്ക് പരാതി നൽകുകയും ഇതേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ <u>ബഹു</u>. എച്ച്. സലാം എം.എൽ.എ. ആവശ്യപ്പെടുകയും കൂടാതെ ടി വിഷയത്തിൽ <u>ബഹു</u>. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസേടുക്കുകയും ചെയ്തു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഉമൈബയുടെ മരണം</u>**

ശ്വാസകോശ സംബന്ധമായ അസുഖത്തിന്റെ മൂർദ്ധന്യതയിലും രക്തത്തിൽ സോഡിയത്തിന്റെ അളവ് കുറഞ്ഞ Metabolic encephalopathy എന്ന അവസ്ഥയിലുമാണ് 09/05/2024 ൽ ഉമൈബ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടത്. ഉമൈബയ്ക്ക് യൂറിനറി ഇൻഫക്ഷൻ ഉണ്ടോയെന്ന് സ്ഥിരീകരിക്കുന്നതിനുള്ള രോഗ നിർണ്ണയവും അഡ്മിഷന് ശേഷം നടത്തിയിരുന്നു. അഡ്മിറ്റ് ചെയ്ത് ഒരു ദിവസം കഴിഞ്ഞപ്പോൾ ഇയാളുടെ ഇടതുവശത്ത് കൈയിൽ വിറയൽ അനുഭവപ്പെട്ടതിനാൽ ന്യൂറോളജി കൺസൾട്ടേഷന് നിർദ്ദേശം നൽകിയിരുന്നു. രോഗിയുടെ വിറയൽ കൂടുകയും കഴുത്ത് Stiff ആയത് സംശയിച്ച് ന്യൂറോളജി കൺസൾട്ടേഷൻ നടത്തുകയും നട്ടെല്ല് കുത്തി മജ്ജ എടുത്ത് ടെസ്റ്റ് ചെയ്യാനുള്ള നിർദ്ദേശം നൽകുകയുമുണ്ടായി. അതോടൊപ്പം ആന്റിബയോട്ടിക്കും ആന്റിവൈറലുകളും step up ചെയ്തിട്ടുമുണ്ട്. രോഗിയുടെ അവസ്ഥ സംബന്ധിച്ച് ഡോക്ടർമാർ രോഗിയുടെ ബന്ധുക്കളെ പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യപ്പെട്ട ഉമൈബയ്ക്ക് കടുത്ത അണുബാധ ഉണ്ടാകുകയും ആയത് ചികിത്സിക്കുന്നതിനായി Infectious Diseases സ്പെഷ്യലിസ്റ്റ് ഉള്ള ഒരു ആശുപത്രിയിലേക്ക് മാറ്റുന്നത് ഉചിതമാണെന്ന് ആലപ്പുഴ മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം ഡോക്ടർ ഉമൈബയുടെ ബന്ധുക്കളെ അറിയിച്ചിരുന്നു. തുടർന്ന് ബന്ധുക്കളുടെ ആവശ്യപ്രകാരം 14/05/2024 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് ഉമൈബയെ ഡിസ്ചാർജ് ചെയ്യുകയുണ്ടായി. പിന്നീട് ഉമൈബയെ ടിയാളുടെ ബന്ധുക്കൾ കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റാക്കുകയും ഉമൈബ 15/05/2024 ൽ മരണപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്.

**<u>ശ്രീമതി. ഷിബിനയുടെ മരണം</u>**

ഷിബിന (51) W/o. അൻസാർ, IP No. 12733, തൈവേലിക്കകം, കരൂർ, അമ്പലപ്പുഴ എന്ന യുവതിയ്ക്ക് പ്രസവത്തോടനുബന്ധിച്ച് മൂത്രസഞ്ചിയിൽ അണുബാധയുണ്ടായി. ഒരു മാസത്തിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിലെ SICU ൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് യാതൊരു വിധത്തിലുമുള്ള മെഡിക്കൽ അനാസ്ഥയും ഉണ്ടായിട്ടില്ലായെന്നും, സർജറി, കാർഡിയോളജജി, മെഡിസിൻ തുടങ്ങിയ വിഭാഗങ്ങൾ സഹകരിച്ച് സാധ്യമായ എല്ലാ ചികിത്സകളും ശ്രീമതി. ഷിബിനയ്ക്ക് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും നൽകിയതായും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് വ്യക്തമാക്കിയിരുന്നു. നൽകപ്പെട്ട ചികിത്സ സംബന്ധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ Internal Audit നടത്തിയപ്പോഴും ഷിബിനയ്ക്ക് മതിയായ ചികിത്സ ലഭ്യമായിരുന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

തുടർന്ന് ഷിബിനയുടെ മരണത്തിൽ ചികിത്സാപ്പിഴവ് ഉണ്ടായതായി ആരോപിച്ച് ഭർത്താവ് ശ്രീ. അൻസാർ ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് പരാതി നൽകുകയും ഇതേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ബഹു. എച്ച് സലാം എം.എൽ.എ. ആവശ്യപ്പെടുകയും കൂടാതെ ടി വിഷയത്തിൽ ബഹു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ചെയ്യുകയുണ്ടായി. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ഷിബിനയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം മേധാവിയായ ഡോ. ജയശ്രീ വി വാമൻ ചെയർപേഴ്സണായിട്ടുള്ള മൂന്നംഗ വകുപ്പുതല അന്വേഷണ കമ്മീഷനെ നിയോഗിക്കുകയും ടി അന്വേഷണ കമ്മീഷൻ വിശദമായ അന്വേഷണത്തിനു ശേഷം ഷിബിനയ്ക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള എല്ലാ ചികിത്സകളും നൽകിയതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**<u>ബേബി സൗമ്യയുടെ മരണം</u>**

29/05/2024 ന് വെളുപ്പിന് 5.30 ന് ബേബി സൗമ്യ ജനിച്ചു. ഉടൻ തന്നെ ശ്വാസം മുട്ടൽ ഉള്ളത് കാരണം നവജാത ശിശുവിഭാഗത്തിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ അമ്മയ്ക്ക് പ്രസവത്തിന് 10 ദിവസം മുൻപ് അമ്നിയോട്ടിക് ദ്രാവകം പൊട്ടിപോയതിന്റെ ഒരു സാധ്യത കണക്കിലെടുത്തും, അമ്നിയോട്ടിക് ദ്രാവകം ബ്രൌൺ നിറത്തിൽ ആയിരുന്നു എന്നതും കുഞ്ഞിന്റെ പൊക്കിൾക്കൊടിയും ബ്രൗൺ നിറത്തിൽ ആയിരുന്നു എന്നതും കണക്കിലെടുത്ത് ഗർഭാവസ്ഥയിൽ തന്നെ അണുബാധയുടെ ലക്ഷണം എന്ന രീതിയിൽ കുട്ടിക്ക് ചികിത്സ തുടങ്ങി. ആന്റിബയോട്ടിക്കുകൾ, CPAP, ഡ്രിപ്പ് മുതലായവ ഉടൻ തന്നെ തുടങ്ങി. എന്നാൽ മൂന്നു മണിക്കൂറിനുള്ളിൽ തന്നെ കുഞ്ഞിന്റെ നില ഗുരുതരമാകുന്നതു കണ്ടു. രക്തചംക്രമണം കുറയുന്നതിന്റെ ലക്ഷണങ്ങളും കരൾ, വൃക്ക, തലച്ചോർ എന്നീ അവയവങ്ങളുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമത കുറയുന്നതായിട്ടും രക്തപരിശോധന, ECHO തലയുടെയും ശ്വാസകോശത്തിന്റെയും അൾട്രാസൗണ്ട് എന്നീ പരിശോധനകളിലൂടെ കണ്ടു. കുട്ടിയുടെ സ്ഥിതി അതീവ ഗുരുതരം ആണെന്ന് കുട്ടിയുടെ അച്ഛനെയും അമ്മൂമ്മയെയും അപ്പോൾ തന്നെ അറിയിക്കുകയുണ്ടായി. ഈ അവസരത്തിൽ തന്നെ എസ്.എ.റ്റി. ആശുപത്രിയിലേക്ക് റെഫർ

ചെയ്യുന്നതിനെക്കുറിച്ചും അവരോടു ചർച്ച ചെയ്തു. എന്നാൽ അവർക്കു ആലപ്പുഴ മെഡിക്കൽ കോളേജിൽ തന്നെ ചികിത്സയിൽ തുടരാൻ ആയിരുന്നു താല്പര്യം.

കുട്ടിയുടെ രക്തം culture ചെയ്തതിൽ അതീവ ഗുരുതര സ്വാഭാവമുള്ള Multi Drug Resistant Klebsiella എന്ന അണുക്കളെ കണ്ടെത്തി. തുടർന്നുള്ള ദിവസങ്ങളിൽ കുട്ടിയുടെ ആരോഗ്യനില കൂടുതൽ ഗുരുതരമായിക്കൊണ്ടിരുന്നു. തുടർച്ചയായി അപസ്മാരം ഉണ്ടാവുകയും ചെയ്തിരുന്നു. വൃക്കകളുടെ പ്രവർത്തനം വളരെയധികം കുറയുകയും ഡയാലിസിസ് ചെയ്യുന്നതിന്റെ ആവശ്യം വരുകയും ചെയ്തു. ഇതിനുള്ള സൗകര്യം ആലപ്പുഴ മെഡിക്കൽ കോളേജിൽ പരിമിതമായതിനാൽ പീഡിയാട്രിക് നെഫ്രോളജി വകുപ്പ് പ്രവർത്തിക്കുന്ന എസ് എ റ്റി ആശുപത്രിയിൽ കൊണ്ടുപോകുന്നതിനെക്കുറിച്ച് ബന്ധുക്കളോട് സംസാരിച്ച് അതിനുള്ള ഏർപ്പാടുകളും ചെയ്തു. ഈ അവസരത്തിൽ യാത്രാമധ്യേ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഗണിച്ച ഇവിടുത്തെ തന്നെ നെഫ്രോളജി വിഭാഗം ഡയാലിസിസ് ചെയ്യാൻ സൗകര്യം ഒരുക്കി എന്നാൽ ഡയാലിസിസ് ഉദ്ദേശിച്ച പ്രയോജനം ചെയ്തില്ല. ഇതോടൊപ്പം കുട്ടിക്ക് കുടലിനു വീക്കവും വർദ്ധിച്ചു വന്നു. 05/06/2024 രാത്രി 10.15 ന് കുട്ടി മരണമടഞ്ഞു.

ജനിച്ച ഉടൻ തന്നെ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിനാലും മണിക്കൂറുകൾക്കുള്ളിൽ തന്നെ വിവിധ അവയവങ്ങളുടെ പ്രവർത്തനം കുറഞ്ഞതിനാലും കുട്ടിയുടെ രക്തം Culture ചെയ്തതിൽ Klebsiella എന്ന അണുക്കൾ കിട്ടിയത് കൊണ്ടും കുട്ടിക്ക് ഗർഭാവസ്ഥയിൽ തന്നെ കിട്ടിയ ഗുരുതരമായ അണുബാധയാണ് കുഞ്ഞിന്റെ മരണകാരണം എന്നാണ് നിഗമനത്തിൽ എത്തിയിട്ടുള്ളത്.

**(ബി)** ഷിബിന, ഉമൈബ, സൗമ്യയുടെ നവജാത ശിശു എന്നിവരുടെ മരണം ചികിത്സാ പിഴവ് മൂലമാണെന്നും ആയത് സംബന്ധിച്ച് അന്വേഷിക്കണമെന്നുമുള്ള ബന്ധുക്കളുടെ പരാതിയിന്മേൽ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** മരണപ്പെട്ട ഉമൈബ, സൗമ്യയുടെ നവജാത ശിശുവിന്റെ മരണം എന്നീ സംഭവങ്ങളിൽ ബന്ധുക്കളിൽ നിന്നും പരാതി ലഭ്യമായിട്ടില്ല. ഉമൈബ മരണപ്പെട്ട വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ശ്രീമതി സൗമ്യയുടെ നവജാത ശിശുവിന്റെ മരണത്തിൽ ചികിത്സ പിഴവ് ഇല്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിശദമായ അന്വേഷണത്തിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല.

ഷിബിനയുടെ മരണത്തിൽ ചികിത്സപ്പിഴവ് ഉണ്ടായതായി ആരോപിച്ച് ഭർത്താവ് ശ്രീ. അൻസാർ ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് പരാതി നൽകുകയും ഇതേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ബഹു. എച്ച്. സലാം എം.എൽ.എ. ആവശ്യപ്പെടുകയും കൂടാതെ ടി വിഷയത്തിൽ ബഹു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസേടുക്കുകയും ചെയ്തു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ഉമൈബയുടെ മരണം</u>**

ശ്വാസകോശ സംബന്ധമായ അസുഖത്തിന്റെ മൂർദ്ധന്യതയിലും രക്തത്തിൽ സോഡിയത്തിന്റെ അളവ് കുറഞ്ഞ Metabolic encephalopathy എന്ന അവസ്ഥയിലുമാണ് 09/05/2024 ൽ ഉമൈബ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടത്. ഉമൈബയ്ക്ക് യൂറിനറി ഇൻഫെക്ഷൻ ഉണ്ടോയെന്ന് സ്ഥിരീകരിക്കുന്നതിനുള്ള രോഗ നിർണ്ണയവും അഡ്മിഷന് ശേഷം നടത്തിയിരുന്നു. അഡ്മിറ്റ് ചെയ്ത് ഒരു ദിവസം കഴിഞ്ഞപ്പോൾ ഇയാളുടെ ഇടതുവശത്ത് കൈയിൽ വിറയൽ അനുഭവപ്പെട്ടതിനാൽ ന്യൂറോളജി കൺസൾട്ടേഷന് നിർദ്ദേശം നൽകിയിരുന്നു. രോഗിയുടെ വിറയൽ

കൂടുകയും കഴുത്ത് Stiff ആയത് സംശയിച്ച് ന്യൂറോളജി കൺസൾട്ടേഷൻ നടത്തുകയും നട്ടെല്ല് കുത്തി മജ്ജ എടുത്ത് ടെസ്റ്റ് ചെയ്യാനുള്ള നിർദ്ദേശം നൽകുകയുമുണ്ടായി. അതോടൊപ്പം ആന്റിബയോട്ടിക്കും ആന്റിവൈറലുകളും step up ചെയ്തിട്ടുമുണ്ട്. രോഗിയുടെ അവസ്ഥ സംബന്ധിച്ച് ഡോക്ടർമാർ രോഗിയുടെ ബന്ധുക്കളെ പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യപ്പെട്ട ഉമൈബയ്ക്ക് കടുത്ത അണുബാധ ഉണ്ടാകുകയും ആയത് ചികിത്സിക്കുന്നതിനായി Infectious Diseases സ്പെഷ്യലിസ്റ്റ് ഉള്ള ഒരു ആശുപത്രിയിലേക്ക് മാറ്റുന്നത് ഉചിതമാണെന്ന് ആലപ്പുഴ മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം ഡോക്ടർ ഉമൈബയുടെ ബന്ധുക്കളെ അറിയിച്ചിരുന്നു. തുടർന്ന് ബന്ധുക്കളുടെ ആവശ്യപ്രകാരം 14/05/2024 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് ഉമൈബയെ ഡിസ്ചാർജ് ചെയ്യുകയുണ്ടായി. പിന്നീട് ഉമൈബയെ ടിയാളുടെ ബന്ധുക്കൾ കോട്ടയം മെഡിക്കൽ കോളേജിൽ അഡ്മിറ്റാക്കുകയും ഉമൈബ 15/05/2024 ൽ മരണപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്.

**<u>ശ്രീമതി. ഷിബിനയുടെ മരണം</u>**

ഷിബിന (51) W/o. അൻസാർ, IP No. 12733, തൈവേലിക്കകം, കളർ, അമ്പലപ്പുഴ എന്ന യുവതിയ്ക്ക് പ്രസവത്തോടനുബന്ധിച്ച് മൂത്രസഞ്ചിയിൽ അണുബാധയുണ്ടായി. ഒരു മാസത്തിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിലെ SICU ൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് യാതൊരു വിധത്തിലുമുള്ള മെഡിക്കൽ അനാസ്ഥയും ഉണ്ടായിട്ടില്ലായെന്നും, സർജറി, കാർഡിയോളജജി, മെഡിസിൻ തുടങ്ങിയ വിഭാഗങ്ങൾ സഹകരിച്ച് സാധ്യമായ എല്ലാ ചികിത്സകളും ശ്രീമതി. ഷിബിനയ്ക്ക് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും നൽകിയതായും ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് വ്യക്തമാക്കിയിരുന്നു. നൽകപ്പെട്ട ചികിത്സ സംബന്ധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ Internal Audit നടത്തിയപ്പോഴും ഷിബിനയ്ക്ക് മതിയായ ചികിത്സ ലഭ്യമായിരുന്നുവെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

തുടർന്ന് ഷിബിനയുടെ മരണത്തിൽ ചികിത്സാപ്പിഴവ് ഉണ്ടായതായി ആരോപിച്ച് ഭർത്താവ് ശ്രീ. അൻസാർ ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് പരാതി നൽകുകയും ഇതേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ബഹു. എച്ച് സലാം എം.എൽ.എ. ആവശ്യപ്പെടുകയും കൂടാതെ ടി വിഷയത്തിൽ ബഹു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ചെയ്യുകയുണ്ടായി. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ഷിബിനയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം മേധാവിയായ ഡോ. ജയശ്രീ വി വാമൻ ചെയർപേഴ്സണായിട്ടുള്ള മൂന്നംഗ വകുപ്പുതല അന്വേഷണ കമ്മീഷനെ നിയോഗിക്കുകയും ടി അന്വേഷണ കമ്മീഷൻ വിശദമായ അന്വേഷണത്തിനു ശേഷം ഷിബിനയ്ക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള എല്ലാ ചികിത്സകളും നൽകിയതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**<u>ബേബി സൗമ്യയുടെ മരണം</u>**

29/05/2024 ന് വെളുപ്പിന് 5.30 ന് ബേബി സൗമ്യ ജനിച്ചു. ഉടൻ തന്നെ ശ്വാസം മുട്ടൽ ഉള്ളത് കാരണം നവജാത ശിശുവിഭാഗത്തിൽ പ്രവേശിപ്പിച്ചു. കുട്ടിയുടെ അമ്മയ്ക്ക് പ്രസവത്തിന് 10 ദിവസം മുൻപ് അമ്നിയോട്ടിക് ദ്രാവകം പൊട്ടിപോയതിന്റെ ഒരു സാധ്യത കണക്കിലെടുത്തും, അമ്നിയോട്ടിക് ദ്രാവകം ബ്രൌൺ നിറത്തിൽ ആയിരുന്നു എന്നതും കുഞ്ഞിന്റെ പൊക്കിൾക്കൊടിയും ബ്രൗൺ നിറത്തിൽ ആയിരുന്നു എന്നതും കണക്കിലെടുത്ത് ഗർഭാവസ്ഥയിൽ തന്നെ അണുബാധയുടെ ലക്ഷണം എന്ന രീതിയിൽ കുട്ടിക്ക് ചികിത്സ തുടങ്ങി. ആന്റിബയോട്ടിക്കുകൾ, CPAP, ഡ്രിപ്പ് മുതലായവ ഉടൻ തന്നെ തുടങ്ങി. എന്നാൽ മൂന്നു മണിക്കൂറിനുള്ളിൽ തന്നെ കുഞ്ഞിന്റെ നില

ഗുരുതരമാകുന്നതു കണ്ടു. രക്തചംക്രമണം കുറയുന്നതിന്റെ ലക്ഷണങ്ങളും കരൾ, വൃക്ക, തലച്ചോർ എന്നീ അവയവങ്ങളുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമത കുറയുന്നതായിട്ടും രക്തപരിശോധന, ECHO തലയുടെയും ശ്വാസകോശത്തിന്റെയും അൾട്രാസൗണ്ട് എന്നീ പരിശോധനകളിലൂടെ കണ്ടു. കുട്ടിയുടെ സ്ഥിതി അതീവ ഗുരുതരം ആണെന്ന് കുട്ടിയുടെ അച്ഛനെയും അമ്മൂമ്മയെയും അപ്പോൾ തന്നെ അറിയിക്കുകയുണ്ടായി. ഈ അവസരത്തിൽ തന്നെ എസ്.എ.റ്റി. ആശുപത്രിയിലേക്ക് റെഫർ ചെയ്യുന്നതിനെക്കുറിച്ചും അവരോടു ചർച്ച ചെയ്തു. എന്നാൽ അവർക്കു ആലപ്പുഴ മെഡിക്കൽ കോളേജിൽ തന്നെ ചികിത്സയിൽ തുടരാൻ ആയിരുന്നു താല്പര്യം.

കുട്ടിയുടെ രക്തം culture ചെയ്തതിൽ അതീവ ഗുരുതര സ്വാഭാവമുള്ള Multi Drug Resistant Klebsiella എന്ന അണുക്കളെ കണ്ടെത്തി. തുടർന്നുള്ള ദിവസങ്ങളിൽ കുട്ടിയുടെ ആരോഗ്യനില കൂടുതൽ ഗുരുതരമായിക്കൊണ്ടിരുന്നു. തുടർച്ചയായി അപസ്മാരം ഉണ്ടാവുകയും ചെയ്തിരുന്നു. വൃക്കകളുടെ പ്രവർത്തനം വളരെയധികം കുറയുകയും ഡയാലിസിസ് ചെയ്യുന്നതിന്റെ ആവശ്യം വരുകയും ചെയ്തു. ഇതിനുള്ള സൗകര്യം ആലപ്പുഴ മെഡിക്കൽ കോളേജിൽ പരിമിതമായതിനാൽ പീഡിയാട്രിക് നെഫ്രോളജി വകുപ്പ് പ്രവർത്തിക്കുന്ന എസ് എ റ്റി ആശുപത്രിയിൽ കൊണ്ടുപോകുന്നതിനെക്കുറിച്ച് ബന്ധുക്കളോട് സംസാരിച്ച് അതിനുള്ള ഏർപ്പാടുകളും ചെയ്തു. ഈ അവസരത്തിൽ യാത്രാമധ്യേ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഗണിച്ചു ഇവിടുത്തെ തന്നെ നെഫ്രോളജി വിഭാഗം ഡയാലിസിസ് ചെയ്യാൻ സൗകര്യം ഒരുക്കി എന്നാൽ ഡയാലിസിസ് ഉദ്ദേശിച്ച പ്രയോജനം ചെയ്തില്ല. ഇതോടൊപ്പം കുട്ടിക്ക് കുടലിനു വീക്കവും വർദ്ധിച്ചു വന്നു. 05/06/2024 രാത്രി 10.15 ന് കുട്ടി മരണമടഞ്ഞു.

ജനിച്ച ഉടൻ തന്നെ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയതിനാലും മണിക്കൂറുകൾക്കുള്ളിൽ തന്നെ വിവിധ അവയവങ്ങളുടെ പ്രവർത്തനം കുറഞ്ഞതിനാലും കുട്ടിയുടെ രക്തം Culture ചെയ്തതിൽ Klebsiella എന്ന അണുക്കൾ കിട്ടിയത് കൊണ്ടും കുട്ടിക്ക് ഗർഭാവസ്ഥയിൽ തന്നെ കിട്ടിയ ഗുരുതരമായ അണുബാധയാണ് കുഞ്ഞിന്റെ മരണകാരണം എന്നാണ് നിഗമനത്തിൽ എത്തിയിട്ടുള്ളത്.

**(സി)** സ്വകാര്യ ആശുപത്രികൾക്കുവേണ്ടി ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കെതിരെ നടക്കുന്ന പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിലെത്തുന്ന രോഗികളെയും ബന്ധുക്കളെയും ഭയപ്പെടുത്തി സ്വകാര്യ ആശുപത്രികളിലേക്ക് ചികിത്സ മാറ്റുവാൻ പ്രേരിപ്പിക്കുന്ന ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്നതായ ആക്ഷേപം സംബന്ധിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉണ്ടാകുന്ന എല്ലാ സംഭവങ്ങളിലും ഒരു ബാഹ്യശക്തിയുടെ പ്രേരണ നടക്കുന്നതായി ആണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതുപോലെതന്നെ തീവ്രപരിചരണ വിഭാഗത്തിൽ അഡ്മിറ്റാകുന്ന രോഗികളുടെ ബന്ധുക്കളെ തെറ്റായ വിവരങ്ങൾ നൽകി അവരിൽ തെറ്റിദ്ധാരണ ഉണ്ടാക്കുകയും പല സ്വകാര്യ ആശുപത്രികളിലേക്കും കൊണ്ടുപോകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദൃശ്യമാധ്യമങ്ങൾ ഇവിടെ ഉണ്ടാകുന്ന ചെറിയ കാര്യങ്ങളെപ്പറ്റിയും തെറ്റായ രീതിയിൽ പ്രചരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ഇടയിൽ ആശുപത്രിയിക്ക് അവമതിപ്പ് ഉണ്ടാക്കുകയും ചെയ്യുന്നു. തൻമൂലം നിർദ്ധനരായ രോഗികളുടെ അത്താണിയായ ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് രോഗികൾ എത്തുന്നത് നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. കഴിഞ്ഞ 3 മരണങ്ങളിലെയും യാഥാർത്ഥ്യം പൊതുജനങ്ങളിലേക്ക് എത്തിയിട്ടില്ല. ഇത്തരം പ്രവർത്തികൾ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നതും അനേകായിരം രോഗികൾക്ക് കൃത്യമായ മെച്ചപ്പെട്ട ചികിത്സ നൽകുകയും ചെയ്യുന്ന ഒരു സർക്കാർ ആതുരാലയത്തിനെ തകർക്കാനും ജീവനക്കാരുടെ മനോവീര്യം കെടുത്താനും കാരണമാകുന്നു. ഇത്തരം പ്രവർത്തനങ്ങളെ/ ഗൂഢശ്രമങ്ങളെ സമൂഹത്തിന്

മുമ്പിൽ തുറന്നുകാട്ടുന്നതിന് ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട പബ്ലിക് റിലേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. അതോടൊപ്പം ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിനെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ഇക്കാര്യത്തിൽ പോലീസ് അന്വേഷണം നടത്തി അപവാദപ്രചരണങ്ങളെ തുറന്നുകാട്ടുന്നതാണ്.

**സെക്ഷൻ ഓഫീസർ**